**(6) കണ്ണൂർ ജില്ലയിൽ പകർച്ചവ്യാധികൾ പടരുന്നത് സംബന്ധിച്ച്**

ശ്രീ. കെ. പി. മോഹനൻ : സംസ്ഥാനത്ത് പകർച്ചവ്യാധിമൂലം .....

മി. സ്പീക്കർ : ഇത് ഒരുപാട് പറഞ്ഞതാണ്.

ശ്രീ. കെ. പി. മോഹനൻ : അന്ന് 50 പേരാണ് മരിച്ചത് ഇന്ന് അത് 123 ആയി. കണ്ണൂർ ജില്ലയിൽ മാത്രം 20 പേരാണ് മരിച്ചത്. ഓരോ ദിവസവും മരിച്ചവരുടെ എണ്ണം കൂടി വരികയാണ്.

മി. സ്പീക്കർ : മിനിസ്റ്റർ അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിലെ കാര്യം ഒന്നു പറഞ്ഞു കൊടുക്കു.

ശ്രീ. കെ. പി. മോഹനൻ : അങ്ങ് ഇതിനുവേണ്ടി ഓർഡർ ചെയ്ത കിറ്റുകൾ താഴെക്കിടയിൽ എത്തുന്നില്ല. എലിസ റീഡർ വാഷർ എന്ന മെഷീൻ കൊടുത്തുകൊണ്ട് എല്ലാ താലൂക്ക് ആശുപത്രികളിലും പനി പരിശോധിക്കണം അതുപോലെ തന്നെ ഫോഗിങ്ങ് സമ്പ്രദായം പഞ്ചായത്തുകളിൽ ഇല്ല. വളരെ വിഷമം ഉണ്ട്. എന്റെ മണ്ഡലത്തിൽ മാത്രം 5 ആളുകൾ ഡെങ്കി പനിയായിട്ട് ആശുപത്രിയിൽ ഉണ്ട്. തലശ്ശേരി ആശുപത്രിയിൽ തന്നെ ഇതിനുള്ള സൗകര്യം ഇല്ല. കണ്ണൂർ ജില്ലയിൽ മാത്രം 20 പേരാണ് മരിച്ചത്.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) : എലിപ്പനി, ഡെങ്കിപ്പനി, വൈറൽ പനി തുടങ്ങിയ പകർച്ച വ്യാധികൾ പടർന്നു പിടിച്ചിട്ടുണ്ട്. കാലാവസ്ഥയിലുള്ള മാറ്റമാണ് പ്രധാന കാരണം. എല്ലാ വർഷവും മഴക്കാലത്ത് പനികൾ ഉൾപ്പെടെയുള്ള പകർച്ച വ്യാധികൾ കൂടുതലായി പടർന്നു പിടിക്കാറുണ്ട്. പ്രതിരോധ നടപടികൾ യുദ്ധകാല അടിസ്ഥാനത്തിൽ നടത്തുന്നില്ലെങ്കിൽ വൈറൽ പനികൾ നിയന്ത്രണ വിധേയമാക്കുവാൻ കൂടുതൽ സമയം വേണ്ടി വരും.

മി.സ്പീക്കർ : അത് പറഞ്ഞതാണ്. അദ്ദേഹത്തിന്റെ കോൺസ്റ്റിറ്റുവൻസിയിലെ പ്രശ്നം ഒന്നു പറഞ്ഞാൽ മതി.

ശ്രീ. പി. ശങ്കരൻ : അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിൽ പാനൂർ പി.എച്ച്.സി.യിൽ കിടത്തി ചികിൽസിക്കുവാനുള്ള സൗകര്യങ്ങളും ഇപ്പോൾ ലഭ്യമാണ്. കണ്ണവം ട്രൈബൽ ഭാഗത്ത് 21-06-2003-ൽ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചിരുന്നു. അവിടെ ജില്ലാ മെഡിക്കൽ ഓഫീസർ ആരോഗ്യ ബോധവൽക്കരണ പരിപാടി നടത്തി വരികയാണ്. ആരോഗ്യ ബോധവൽക്കരണ പ്രവർത്തനം കൂടാതെ മെഡിക്കൽ ക്യാമ്പുകളും, പ്രതിരോധ നടപടികളും ഊർജ്ജിതപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ ഉൾപ്പെടെ ചികിൽസയ്ക്കുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കഴിഞ്ഞ വെള്ളിയാഴ്ച വനം വകുപ്പുമന്ത്രി ഇരിട്ടി, പേരാവൂർ, തുടങ്ങിയ ഏറ്റവും കൂടുതൽ രോഗം ബാധിച്ച സ്ഥലങ്ങൾ സന്ദർശിച്ച് ഉദ്യോഗസ്ഥന്മാർക്കും, അധികൃതർക്കും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

പ്രൈസിസ് മാനേജ്മെന്റ് കമ്മിറ്റി മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ യോഗം ചേർന്ന് ജില്ലകളിൽ ഏതൊക്കെ ഭാഗത്താണ് രോഗം പടർന്നുപിടിച്ചിരിക്കുന്നതെന്നും, എന്തൊക്കെ പ്രതിരോധ നടപടികളാണ് സ്വീകരിക്കേണ്ടതെന്നും വിലയിരുത്തി അതനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

## V ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

### പകർച്ചവ്യാധികൾ തടയുന്നത് സംബന്ധിച്ച്

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള) : സർ, കേരളത്തിൽ പടർന്നു പിടിച്ചിരിക്കുന്ന പകർച്ചവ്യാധികളെ നേരിടുന്നതിനുവേണ്ടി സത്വര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 20-6-2003-ൽ ആരോഗ്യവകുപ്പുമന്ത്രി കൺവീനറായ മന്ത്രിസഭാ ഉപസമിതി എലിപ്പനി, ഡെങ്കിപ്പനി തുടങ്ങിയ പകർച്ച വ്യാധികൾ തടയുന്നതിന് സത്വര നടപടികൾ സ്വീകരിച്ച് മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്താൻ തീരുമാനിക്കുകയുണ്ടായി. ഇതിനായി സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്തുകൾക്ക് 50,000 രൂപ വീതവും മുനിസിപ്പാലിറ്റികൾക്ക് ഒരു ലക്ഷം രൂപ വീതവും, കോർപ്പറേഷനുകൾക്ക് രണ്ട് ലക്ഷം രൂപ വീതവും ചെലവഴിക്കാൻ 20-06-2003-ലെ ജി.ഒ നമ്പർ 2183/03/ ത.സ്വഭ.വ. ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ഇപ്രകാരം ഏകദേശം 7 കോടി രൂപ അടിയന്തിരമായി മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് ചെലവഴിക്കാൻ കഴിയും, (991 ഗ്രാമ പഞ്ചായത്തുകൾ 495.5 ലക്ഷം രൂപയും, 53 മുനിസിപ്പാലിറ്റികൾ 53 ലക്ഷം രൂപയും, കോർപ്പറേഷനുകൾ 10 ലക്ഷം രൂപയും ചെലവഴിക്കും). തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സാധാരണഗതിയിൽ ചെയ്യുന്ന മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്കുപരിയായി ചെയ്യുന്ന യുദ്ധകാലാടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾക്കാണ് ഈ തുക ചെലവഴിക്കുക. കൊതുകു നിവാരണ പ്രവർത്തനങ്ങളും ഊർജ്ജിതമായി ഇതോടൊപ്പം നടത്തുന്നതാണ്. ഇതിന്റെ ഭാഗമായി കൊതുകു നിവാരണത്തിന് ആവശ്യമായ ഫോഗിംഗ് മെഷീനുകൾ വാങ്ങാനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മാലിന്യങ്ങൾ കുമിഞ്ഞുകൂടുന്നത് രോഗം പകരാൻ ഇടവരുത്തുമെന്നതിനാൽ മാലിന്യ നീക്കം ത്വരിതപ്പെടുത്തുന്നതിനും ചപ്പുചവറുകൾ കുമിഞ്ഞുകൂടി കിടക്കില്ലെന്ന് ഉറപ്പ് വരുത്തുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്ക് പ്രത്യേകം നിർദ്ദേശം നൽകിയിട്ടുണ്ട്. മാലിന്യ നീക്കം സംബന്ധിച്ച പ്രശ്നങ്ങളിൽ വീഴ്ച വരുത്തുന്നവർക്കെതിരെ കർശന നടപടി ഉണ്ടാകണമെന്നും മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. അധികാര വികേന്ദ്രീകരണത്തോടെ മാലിന്യ നിർമ്മാർജ്ജനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയിലാണ്. ശുചിത്വപൂർണ്ണമായ കേരളത്തിനായി യു.ഡി.എഫ്. സർക്കാർ പ്രാവർത്തികമാക്കി വരുന്ന ക്ലീൻകേരള പദ്ധതി വഴി മാലിന്യ നിർമ്മാർജ്ജനത്തിനായി പ്രത്യേകം നിർദ്ദേശങ്ങൾ നേരത്തെ തന്നെ പുറപ്പെടുവിച്ചിട്ടുണ്ട്. ഇപ്പോഴത്തെ പ്രത്യേക പരിതഃസ്ഥിതി

LIBRARY ARCHIVES Kerala Legislative Assembly